## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6221** **17-03-2023 - ൽ മറുപടിയ്ക്ക്**

## കക്കയം ഹൈഡൽ ടൂറിസം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ കക്കയം ഹൈഡൽ ടൂറിസം പദ്ധതിയുടെ സമഗ്ര വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ടൂറിസം പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി നൽകുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ടെൻഡറിൽ ചില സാങ്കേതിക ന്യൂനതകൾ ഉള്ളതായി പരാതി വന്നതിനെത്തുടർന്ന് ടെൻഡർ റദ്ദ് ചെയ്ത് റീ ടെൻഡർ ചെയ്യുന്നതിനു തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി കക്കയത്തെ ഐ.ബി. ബംഗ്ലാവ് വിനോദസഞ്ചാരികൾക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിൽ പുതുക്കി പണിയുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇതു സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കക്കയം ടൂറിസത്തിന്റെ വികസനത്തിനായി 300 കോടി രൂപ പ്രഖ്യാപിച്ചതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിരുന്നോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | ബാണാസുരസാഗർ, കക്കയം, പെരുവണ്ണാമൂഴി എന്നീ പ്രദേശങ്ങളെ കൂട്ടിയിണക്കി കിഫ്ബി മുഖേന 300 കോടി രൂപയുടെ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും തുടർ നടപടികൾ ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ